ഉത്തരം

നടപടിക്രമങ്ങൾ പൂർത്തിയാക്കി സ്റ്റേഡിയം നിർമ്മാണത്തിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചശേഷം ഭരണ വകുപ്പ് പ്രൂപാർശ സമർപ്പിക്കുന്ന ഘട്ടത്തിൽ തുക അനുവദിക്കുന്നതാണ്.

പ്രൈവറ്റ് എയ്ഡഡ് വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിക്കുന്ന തുക

175 (515) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്ന മൊത്തം തുകയുടെ എത്ര ശതമാനം ഈ മേഖലയിലെ പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്കായി ചെലവാകുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ; 2013-14 വർഷത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോഴുള്ള മൊത്തം അധ്യാപക അധ്യാപകേതര ജീവനക്കാർ എത്രയെന്നും അതിൽ പ്രൈവറ്റ് എയ്ഡഡ് മേഖലയിലുള്ളവർ എത്ര വീതമാണെന്നും ; അവയിൽ പ്രൊട്ടക്ടഡ് ആയി സർക്കാർ പരിഗണിച്ചുവെന്നത് എത്രയെന്നും അനാദായകരമായി കരുതുന്ന സ്കൂളുകളിലെ മൊത്തം സ്റ്റാഫ് എത്രയെന്നും അവരുടെ ശമ്പള ചെലവ് എത്രയെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2013-14 സാമ്പത്തിക വർഷത്തെ ചെലവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് ശമ്പളം ഇനത്തിൽ ചെലവഴിക്കുന്ന മൊത്തം തുകയുടെ 62.09 ശതമാനം പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്കായാണ് ചെലവാക്കുന്നത്.

കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ :

എയ്ഡഡ് പ്രൈമറി സ്കൂൾ	-	2511.92 കോടി രൂപ
എയ്ഡഡ് സെക്കൻററി സ്കൂൾ	-	1625.20 കോടി രൂപ
എയ്ഡഡ് ആംഗ്ലോ ഇന്ത്യൻ സ്കൂൾ	-	10.76 കോടി രൂപ
എയ്ഡഡ് ഹയർ സെക്കൻററി സ്കൂൾ	-	687.33 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ - 110.11 കോടി രൂപ

ഗവൺമെന്റ് ഇതര സ്പെഷ്യൽ സ്കൂളുകൾ - 28.95 കോടി രൂപ

ഗവൺമെന്റ് ഇതര കോളേജുകൾ - 986.29 കോടി രൂപ

പ്രൈവറ്റ് എൻജിനീയറിംഗ് കോളേജുകൾ - 62.93 കോടി രൂപ

പ്രൈവറ്റ് പോളിടെക്നിക്കുകൾ - 21.39 കോടി രൂപ

(ബി) വിവിധ വകുപ്പുതലവന്മാർ സമർപ്പിച്ച വിശദാംശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ ആകെയുള്ള അധ്യാപക അധ്യാപകേതര ജീവനക്കാരുടെ എണ്ണം 2,36,139 (രണ്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി നൂറ്റി മുപ്പത്തിയൊൻപത്) ആണ്. ഇതിൽ പ്രൈവറ്റ് എയ്ഡഡ് മേഖലയിലുള്ളവരുടെ എണ്ണം 1,37,970 (ഒരു ലക്ഷത്തി മുപ്പത്തി എഴായിരത്തി തൊള്ളായിരത്തി എഴുപത്) ആണ്. ഇവരിൽ 2939 അദ്ധ്യാപകരെ പ്രൊട്ടക്ടഡ് ആയി കണക്കാക്കുന്നു. അനാദായകരമായി കരുതുന്ന സ്കൂളുകളിലെ മൊത്തം സ്റ്റാഫിന്റെ എണ്ണം 31906-ഉം ഇവരുടെ ശമ്പള ചെലവ് പ്രതിവർഷം 947.41 കോടി രൂപ രൂപയുമാണ്.

പെട്രോൾ, ഡീസൽ, വില്പനയിലെ നികുതി വർദ്ധനവ്

176 (516) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പെട്രോൾ, ഡീസൽ വിൽപ്പനയിലെ നികുതി വർദ്ധനവിലൂടെ ഇതിനകം എത്ര കോടി രൂപ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര തവണ ഈ വർദ്ധനവ് വരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സാമ്പത്തിക വർഷം ഇതിനകം പെട്രോൾ, ഡീസൽ വിൽപ്പന നികുതി വർദ്ധനവിലൂടെ 7.74 കോടി രൂപ ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly